# ALL UNIONS / ASSOCIATIONS OF BSNL
## KERALA CIRCLE

സർക്കുലർ നമ്പർ: 07/2018-2020 തീയതി: 18-07-2018

**2018 ജൂലൈ 24 – 26**
**റിലേ നിരാഹാര സത്യാഗ്രഹം**
**വിജയിപ്പിക്കുക**

സഖാവെ / സുഹൃത്തെ,

ശമ്പളപരിഷ്കരണം, പെൻഷൻ പരിഷ്കരണം, 4ജി സ്പെക്ട്രം അനുവദിക്കൽ, പെൻഷൻ കോൺട്രിബ്യൂഷൻ തുടങ്ങിയ വിഷയങ്ങളിൽ AUAB യുടെ നേതൃത്വത്തിൽ നടക്കുന്ന റിലേ നിരാഹാരസത്യാഗ്രഹം കേരളത്തിൽ വൻവിജയമാക്കി മാറ്റുവാൻ 17-7-2018 ന് ശ്രീ.ടി.സന്തോഷ്കുമാർ (എസ്.എൻ.ഇ.എ) യുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർക്കിൾതല യോഗം തീരുമാനിച്ചു. ശ്രീ.വി.വി.രാജൻ (AIBSNLEA), ശ്രീ.ബി.സുശീലൻ (SEWA BSNL), ശ്രീ.കെ.സതികുമാർ (എൻ.എഫ്.ടി.ഇ), ശ്രീ.സി.സന്തോഷ്കുമാർ (ബി.എസ്.എൻ.എൽ.ഇ.യു) എന്നിവർ യോഗത്തിൽ പങ്കെടുത്തു. ജൂലൈ 11 ന് സി.സി.എ. ഓഫീസ് ഉൾപ്പെടെ എല്ലാ എസ്.എസ്.എ.കളിലും വിജയകരമായി പ്രതിഷേധപ്രകടനം സംഘടിപ്പിക്കാൻ കഴിഞ്ഞതായി യോഗം വിലയിരുത്തി. തുടർ പ്രക്ഷോഭ പരിപാടിയും വൻവിജയമാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ യോഗം തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

1. ജൂലായ് 24,25,26 തീയതികളിൽ നടക്കുന്ന നിരാഹാര സത്യാഗ്രഹത്തിൽ കുറഞ്ഞത് 100 ജീവനക്കാരെയെങ്കിലും ഓരോ ദിവസവും മുഴുവൻ സമയവും പങ്കെടുപ്പിക്കണം.
2. നിരാഹാരസമരം രാവിലെ 10 മണിക്ക് ആരംഭിച്ച് 5 മണിക്ക് അവസാനിപ്പിക്കണം.
3. മൂന്നു ദിവസത്തെ പരിപാടി മൂന്നു കേന്ദ്രങ്ങളിലായി സംഘടിപ്പിക്കുവാൻ ശ്രമിക്കണം.
4. സംയുക്ത യോഗം ചേർന്ന് ഓരോ സംഘടനയിൽ നിന്നും പങ്കെടുപ്പിക്കേണ്ട ജീവനക്കാരുടെ ക്വാട്ട നിശ്ചയിക്കണം.
5. പരിപാടിയുടെ പ്രചരണാർത്ഥം ബോർഡ്/ബാനർ എന്നിവ എല്ലാ ഓഫീസുകൾക്ക് മുന്നിലും സ്ഥാപിക്കണം. നോട്ടീസ് തയ്യാറാക്കി വിതരണം ചെയ്യണം.
6. എഫ്.എൻ.ടി.ഒ.യെ ഈ പരിപാടിയുമായി സഹകരിപ്പിക്കാൻ ശ്രമിക്കണം.

അഭിവാദനങ്ങളോടെ,

**സി. സന്തോഷ് കുമാർ,**

കൺവീനർ